"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന് ഓണറേറിയം നൽകുന്നതിനും ക്ഷേമനിധി ബോർഡ് സംഘടിപ്പിക്കുന്ന പൊതു ചടങ്ങുകളിൽ പ്രോട്ടോക്കോൾ നിശ്ചയിക്കുന്നതിനും ആധാരമാക്കേണ്ട ഉത്തരവുകൾ സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1120/2025/LSGD തീയതി,തിരുവനന്തപുരം, 06-05-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 1937/2013/തൊഴിൽ തീയതി 27.11.2013

2. സ.ഉ.(അച്ചടി) നം.91/2019/ധന തീയതി 18.07.2019

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 13.06.2024-ലെ 1/2024/KTTKB/BM&ESTA നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലെ ചെയർമാൻമാരെയും ഒറ്റ കാറ്റഗറിയായി പരിഗണിച്ച് എല്ലാവരുടേയും പ്രതിമാസ ഓണറേറിയം ഏകീകരിക്കുകയും, ബോർഡിന്റെ ചെലവിൽ മുൻകൂർ അനുമതി കൂടാതെ പ്രതിമാസം നടത്താവുന്ന ഔദ്യോഗിക യാത്രാ ആനുകൂല്യങ്ങൾ നിശ്ചയിക്കുകയും, കൂടാതെ ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്ത് ഉത്തരവായിരുന്നു.

i. സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിന് ബോർഡ് ചെയർമാൻമാർക്ക് തിരിച്ചറിയൽ കാർഡ്

ii. സർക്കാർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവിന്റെ കൂടെ ചെയർമാന് പങ്കെടുക്കുന്നതിനുള്ള അനുവാദം.

iii. ചെയർമാന് തന്റെ ഔദ്യോഗിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബോർഡിന്റെ ചീഫ് ഓഫീസിലെ ഒരു ക്ലാർക്കിന്റെ സേവനം വിനിയോഗിക്കുന്നതിന് അനുമതി.

iv. ബോർഡ് സംഘടിപ്പിക്കുന്ന പൊതു ചടങ്ങുകളിൽ പ്രോട്ടോക്കോൾ പ്രകാരം ബന്ധപ്പെട്ട മന്ത്രി, എം. പി, എം. എൽ. എ. എന്നിവർക്ക് തൊട്ടു താഴെ ബോർഡ് ചെയർമാന് സ്ഥാനം.

2. പരാമർശം (2) ഉത്തരവ് പ്രകാരം എല്ലാ ചെയർമാന്മാരുടെയും ഓണറേറിയം 20,000/- രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ആയത് പ്രകാരമുള്ള ഓണറേറിയം നിലവിൽ കൈപ്പറ്റി വരുന്നു എന്നും എന്നാൽ മേൽ പറഞ്ഞ ആനുകൂല്യങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമായതിനാൽ ഇക്കാര്യം ഉത്തരവായി

നൽകണമെന്നും പരാമർശം (3) പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1), പരാമർശം (2) ഉത്തരവുകൾ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന് ബാധകമായിരിക്കുമെന്നും ആയത് പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്നും വ്യക്തമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

ചെയർമാൻ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ(I/C), കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 06-05-2025 12:37:02
സെക്ഷൻ ഓഫീസർ